## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3378** **19.06.19 ൽ മറുപടിയ്ക്ക്**

## സമഗ്ര ഇലക്ട്രിസിറ്റി വെഹിക്കിൾ പോളിസി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സമഗ്ര ഇലക്ട്രിസിറ്റി വെഹിക്കിൾ പോളിസി എന്താണെന്ന് വിശദമാക്കാമോ; | (എ) | 10.03.2019 ലെ ജി.ഒ.(എംഎസ്) 24/2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. 2020 ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുചക്ര വാഹനങ്ങളും, 1000 ചരക്ക് വാഹനങ്ങളും, 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022 ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്ന തിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കു ന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതി യിളവും ഇൻസന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനേയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗമായി വൈദ്യുത |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗതാഗത വകുപ്പുമന്ത്രിയുടെ കൂടെ വിദേശത്ത് പോയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗതാഗത വകുപ്പുമന്ത്രിയുടെ കൂടെ ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ കെ. ആർ. ജ്യോതിലാൽ, ഗതാഗത കമ്മീഷണർ ശ്രീ സുദേഷ് കുമാർ, കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ എം. പി. ദിനേശ് എന്നിവരാണ് വിദേശത്ത് പോയിട്ടുള്ളത് |
| സി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സംസ്ഥാനത്ത് മന്ത്രിയോ ഉദ്യോഗസ്ഥരോ സന്ദർശനം നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനായി ഗതാഗത കമ്മീഷണറും കെ എസ് ആർ ടി സി മാനേജിംഗ് ഡയറക്ടറും ബാംഗ്ലൂരിലും, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബാംഗ്ലൂർ, ചെന്നൈ, ന്യൂഡൽഹി എന്നിവിടങ്ങളിലും ചീഫ് സെക്രട്ടറി ന്യൂഡൽഹിയിലും പോയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**